(ഡി) എങ്കിൽ അവ ഏതെല്ലാമാണെന്നും വികസന പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്ത് ഈ വർഷം 50 ഹോമിയോ ഡിസ്പെൻസറികളും 100 ആയുർവേദ ഡിസ്പെൻസറികളും തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. സ്ഥലനിർണ്ണയം സംബന്ധിച്ച് തീരുമാനമായിട്ടില്ല.

(സി)&(ഡി) പ്രകൃതി ചികിത്സയുടെ പ്രചാരണം ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ള തുക പ്രയോജനപ്പെടുത്തി വർക്കല പ്രകൃതി ചികിത്സാ കേന്ദ്രത്തിൽ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

183 (2369) പേരാമ്പ്രയിൽ ഹോമിയോ ആശുപത്രി അനുവദിക്കുന്നതിന് നടപടി

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രി അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം (ഫയൽ നമ്പർ 1406/പി2/99/ആരോഗ്യവകുപ്പ്) ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തു നടപടികളാണ് എടുത്തിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ)&(ബി) ഈ വർഷം പുതിയതായി 50 ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. സ്ഥലനിർണ്ണയം സംബന്ധിച്ച് തീരുമാനമായിട്ടില്ല.

184 (2370) വിഴിഞ്ഞം ഫിഷിംഗ് ഹാർബറിന്റെ പണി

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം ഫിഷിംഗ് ഹാർബറിന്റെ പണി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നറിയിക്കുമോ;

(ബി) ഇതിന്റെ എന്തെല്ലാം പണികൾ പൂർത്തിയായി;

(സി) ഇനി എന്തെല്ലാം പണികൾ പൂർത്തിയാക്കാനുണ്ട്;

(ഡി) ഈ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു?

ഉത്തരം

(എ)&(ബി) രണ്ടും മൂന്നും ഘട്ടത്തിലെ പ്രധാന പണികളായ ഗിയർ ഷെഡ്, വാർഫ്, ലേലപ്പുര എന്നിവയിൽ 100 മീറ്റർ നീളമുള്ള ഗിയർഷെഡിന്റെ ഒരു സൈഡിലുള്ള കോൺക്രീറ്റ് തൂണുകളുടെയും 500 മീറ്റർ നീളമുള്ള

LIBRARY ARCHIVES Kerala Legislative Assembly

വാർഫിന്റെ 327 മീറ്ററും ലേലപ്പുര നിർമ്മാണത്തിന്റെ ഭാഗമായുള്ള മണ്ണു നീക്കം ചെയ്യലും പൂർത്തിയായി.

(സി) ഗിയർഷെഡ്, വാർഫ്, ലേലപ്പുര എന്നിവയുടെ അവശേഷിക്കുന്ന പണികൾ, ഡ്രഡ്ജിംഗ്, റോഡുകൾ എന്നിവയും പൂർത്തീകരിക്കാനുണ്ട്.

(ഡി) നിരക്കു വർദ്ധന ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരൻ 31.3.1999 മുതൽ പണി നിർത്തിവച്ചിരിക്കുകയാണ്. പണി പുനരാരംഭിച്ചാൽ 10 മാസത്തിനകം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

185 (2371) ഹാർബർ വികസിപ്പിക്കാൻ സ്വകാര്യ ഏജൻസി

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും ഹാർബറുകളോ ജെട്ടികളോ വികസിപ്പിക്കുവാൻ സ്വകാര്യ മേഖലയെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ; ഇക്കാര്യത്തിന് സഹകരണം വാഗ്ദാനം ചെയ്തിട്ടുള്ള സ്വകാര്യ കമ്പനികൾ ഏതെല്ലാം;

(സി) ഓരോ ഹാർബറിന്റെയും ജെട്ടികളുടെയും വികസനത്തിനുള്ള നിർദ്ദേശം ഇപ്പോൾ ഏതു ഘട്ടത്തിലാണ്?

ഉത്തരം

(എ) സംസ്ഥാനത്തെ ചെറുകിട-ഇടത്തരം തുറമുഖങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) അഴീക്കൽ, ബേപ്പൂർ, കൊടുങ്ങല്ലൂർ (മുനമ്പം) ആലപ്പുഴ, കായംകുളം, തങ്കശ്ശേരി, വിഴിഞ്ഞം എന്നീ തുറമുഖങ്ങളാണ് ഇങ്ങനെ വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. കെ.പി.പി. നമ്പ്യാർ അസ്സോസിയേറ്റ്സ്, മൊബിൽ പീ വിസ് പ്രൈവറ്റ് ലിമിറ്റഡ്, സൗരാഷ്ട്രാ സിമെന്റ്സ് ലിമിറ്റഡ്, സ്വാമി നാരായണൻ ഷിപ്പ് ബ്രേക്കിംഗ് പ്രൈവറ്റ് ലിമിറ്റഡ്, ഗുജറാത്ത് അംബുജാ സിമന്റ്സ് ലിമിറ്റഡ്, കുമാർ ഗ്രൂപ്പ് ഓഫ് കമ്പനീസ് ലിമിറ്റഡ് എന്നിങ്ങനെയുള്ള കമ്പനികൾ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

(സി)

1. അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിനായി ധാരണ പത്രം ഒപ്പുവച്ചു കഴിഞ്ഞു. കരട് ബി.ഒ.ടി. എഗ്രിമെന്റ് സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടികൊടുക്കണമെന്നുള്ള കമ്പനിയുടെ ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു.

2. ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിനായി മൊബിൽ പീ വീസ് പ്രൈവറ്റ് ലിമിറ്റഡുമായി ബി.ഒ.ടി. എഗ്രിമെന്റ് ഒപ്പുവച്ചു.

3. മുനമ്പം തുറമുഖ വികസനത്തിനായി സൗരാഷ്ട്ര സിമന്റ്സ് എന്ന കമ്പനിയുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ബി.ഒ.ടി. എഗ്രിമെന്റ് സർക്കാർ പരിശോധിച്ചുവരുന്നു.

4. ആലപ്പുഴ തുറമുഖത്തിന്റെ വികസനത്തിനായി സ്വാമി നാരായണൻ ഷിപ്പ്ബ്രേക്കിംഗ് കമ്പനി ഒരു ഷിപ്പ് ബ്രേക്കിംഗ് യൂണിറ്റ്

LIBRARY ARCHIVES Kerala Legislative Assembly